(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി/11/2041/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തിയതി.01-12-2016,

ഫോൺ നം. 0471-.2331231,
ഇ.മെയിൽ- lfadtvm@yahoo.in.

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അഴൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : അഴൂർ ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം കെ.എസ്.എ.റ്റി.വി.എം.ജി.പി. /11/2041 /2016 തീയതി: 01.12.2016

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2015 മുതൽ 31.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .
ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 14 എണ്ണം നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ജമാലുദ്ദീൻ.എ, (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05.11.2016മുതൽ 11.11.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ എ. നിസാമുദ്ദീൻ, (ഓഡിറ്റ് ഓഫീസർ)

: ശ്രീ രാജൻ വി .ഡി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

: ശ്രീമതി സ്മിത പി.എസ്, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
: ശ്രീ ബീനിഷ് . ജി, ( സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : അഡ്വ. വി. ജോയി (01-04-2015 മുതൽ 31.10.15 വരെ)

: ശ്രീമതി. ടി. ഇന്ദിര (19-11-2015 മുതൽ 31.03.16 വരെ)

ാസക്രട്ടറി : ശ്രീ. സുഭാഷ് എസ് (01-04-2015 മുതൽ 31.3.16 വരെ)

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ഷീല | 01-04-2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.പത്മ പ്രസാദ് | 01-04-2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുമി | 01-04-2015 മുതൽ 31.3.16 വരെ |
| വെറ്റിനറി സർജൻ | ഡോ. വന്ദന സി.ജി | 01-04-2015 മുതൽ 31.3.16 വരെ |
| ICDS സൂപ്പർവൈസർ | കുമാരി ശ്രീകല ബി.എസ്. | 01-04-2015 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | അനൂപ് കുമാർ എ | 01-04-2015 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ലക്ഷ്മി ഭാസി | 01-04-2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സ്മിത പി.എസ് | 01-04-2015 മുതൽ 31.3.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ശൈലജ | 01-04-2015 മുതൽ 31.3.16 വരെ |
| അസി.സെക്രട്ടറി | ശ്രീ. സ്റ്റാലിൻ ഡബ്ല്യു ഗോമസ് | 01-04-2015 മുതൽ 31.3.16 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിൽ കടിശ്ശിക | 2-1 | |
| 13 | വസ്തു നികുതി കുടിശ്ശിക - 1159379/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 2-2 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 14 | തൊഴിൽരഹിതവേതനം - പരിശോധനാസംവിധാനം അനിവാര്യം | 3-1 | |
| 15 | പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 3-2 | |
| 16 | മരുന്ന് ലഭ്യമാകാൻ കാലതാമസം | 3-3 | |
| 17 | തെരുവുവിളക്കുകളുടെ പരിപാലനം - അപാകതകൾ | 3-4 | |
| 18 | പ്രവൃത്തി നിർവ്വഹണം വൈകിക്കൽ-പിഴ ഈടാക്കിയില്ല. | 3-5 | |
| 19 | ബിൽ അടയ്ക്കുവാനും മസ്റ്റർ റോളുകൾ കൈപ്പറ്റാനുമായി യാത്ര - ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നു - പകരം സംവിധാനം - സാധ്യത പരിശോധിക്കണം | 3-6 | |
| 20 | മാർഗരേഖ അനുവദിക്കാത്ത ഫണ്ട് വിനിയോഗം | 3-7 | |
| 21 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-8 | |
| 22 | ആശ്രയ പദ്ധതി - തുടർസേവനപ്രവർത്തനങ്ങൾ ഇല്ല | 3-9 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.15 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 113380967/- രൂപ വരവും 109523750/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 65805087/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 54540463/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 4.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| - | - | - |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 2,77,92,922 /-

വരവ് : 3,80,12,165 /-

ആകെ : 6,58,05,087 /-

ചെലവ് : 5,45,40,463 /-

നീക്കിയിരിപ്പ് : 1,12,64,624/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3710324 | 2461369 | +7136682 | 13308375 | 13308375 | - |
| വികസനഫണ്ട് എസ്.സി.പി. | 3170739 | 6281745 | -1385211 | 8067273 | 8067273 | - |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | 1001569 | 4006064 | - | 5007633 | 5007633 | - |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 136650 | 1707625 | - | 1844275 | 1844275 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1796613 | 6894311 | -2098993 | 6591931 | 6591931 | - |
| ലോകബാങ്ക് സഹായം | 3955000 | 1897431 | -3652478 | 2199953 | 2199953 | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 2203317 | 54798959 | - | 57002276 | 56993332 | 8944 |
| ബി-ഫണ്ട് | - | 45040295 | - | 45040295 | 45040295 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 61092018/- | 95 | 39597958/- | 18 | 29 | 67 |

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1825547 | 1699401/- | +126146/- |
| നികുതിയേതര വരവുകൾ | 313622 | 644373/- | - 330751 |
| മറ്റ് വരവുകൾ | 10714/- | 11016/- | - 302 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1092840/- | 713 |
| വിധവാപെൻഷൻ | 8792935/- | 1515 |
| വാർധക്യകാല പെൻഷൻ | 23118360 | 1504 |
| കർഷകത്തൊഴിലാളി പെൻഷൻ | 1019370 | 146 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 353840 | 43 |
| വികലാംഗ പെൻഷൻ | 3260925 | 301 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 രാവിലെ 10.25 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കൈവശം പണബാക്കി ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽനികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനതുവരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.11.16 | 1.10.16 – 31.10.16 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.07.16 | 2011-12 – 2015-16 | 3.10.16 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ കടിശ്ശിക

1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുകയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അതിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുന്നതോ ആയ ഏതൊരാളും ഓരോ അർദ്ധവർഷത്തിലും തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. 2015-16 വർഷത്തിൽ അഴൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സർവ്വീസ് സഹകരണ ബാങ്ക്, പെരുങ്ങുഴി (ഒന്നാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി )
2. ബി.എസ്.എൻ.എൽ. (രണ്ടാം അർദ്ധ വർഷം )
3. മാവേലി സ്റ്റോർ ( രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി)
    1. റേഷൻ കടകൾ.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 09-11-2016) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശികയുള്ള തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി കുടിശ്ശിക - 1159379/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 203 പ്രകാരം പിരിച്ചെടുക്കേണ്ട വസ്തു നികുതി ഗ്രാമ പഞ്ചായത്ത് കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. 2015-16 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 11,59,379 രൂപ വസ്തു നികുതിയിനത്തിൽ ഗ്രാമ പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസായ വസ്തു നികുതി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കുന്നതിന് ഭരണ സമിതി അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തൊഴിൽരഹിതവേതനം - പരിശോധനാസംവിധാനം അനിവാര്യം

തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിനായി സൂക്ഷിക്കുന്ന അക്വിറ്റൻസ് രജിസ്റ്റർ ജനനതീയതി, വേതനം അനുവദിച്ച് നൽകിയ തീയതി, വേതനം അനുവദിക്കാവുന്ന കാലയളവ് എന്നിവ ഉൾപ്പെടുത്തി കൂടുതൽ സമഗ്രമാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതികളിൽ ഉൾക്കൊള്ളുന്ന വ്യക്തികളെ തൊഴിലില്ലായ്മ വേതനം അനുവദിച്ച് നൽകുന്നതിനായുള്ള പരിധിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്. അടിയന്തര പ്രാധാന്യത്തോടെ ഈ വിഷയം പരിഗണിക്കേണ്ടതുണ്ട്. 2013-14, 2014-15, 2015-16 വർഷങ്ങളിൽ തൊഴിലില്ലായ്മ വേതനം, തൊഴിലുറപ്പ് പദ്ധതി എന്നീ ഇനങ്ങളിലായി ചെലവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിലില്ലായ്മ വേതനം(രു) | തൊഴിലുറപ്പ് പദ്ധതി(രു) | ആകെ |
|---|---|---|---|
| 2013-14 | 4,50,000 | 70,57,113 | 75,07,113 |
| 2014-15 | 6,54,440 | 5,85,19,243 | 5,91,73,683 |

| | | | |
|---|---|---|---|
| 2015-16 | 10,92,840 | 5,47,98,959 | 5,58,91,799 |

## 3-2 പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

I) നിർവഹണോദ്യോഗസ്ഥർ ഗുണപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

പദ്ധതി നിർവ്വഹണത്തിൽ നിർവഹണോദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

1) കൃഷി ഓഫീസർ നിർവഹിച്ച പദ്ധതികൾ - കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കി 2015-16 സാമ്പത്തിക വർഷം അധികം പദ്ധതികളൊന്നും തന്നെ കൃഷി ഓഫീസർ നടപ്പിലാക്കിയിട്ടില്ലെന്നു കാണുന്നു. പഞ്ചായത്തിലെ പ്രധാന കാർഷിക ഇനമായ തെങ്ങുകൃഷിക്ക് ഉപകാരപ്രദമായ ഒരു പദ്ധതിപോലും നിർവഹിക്കപ്പെട്ടിട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ടതാണ്.

2) വി.ഇ.ഒ നിർവഹിച്ച പദ്ധതികൾ - വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി 11 പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം നേടുകയും 87,37,000/- രൂപ അതിനായി വകയിരുത്തുകയും ചെയ്തെങ്കിലും 5 പദ്ധതികൾ മാത്രമാണ് (46,85,000/- രൂപ) 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കപ്പെട്ടത്. വകയിരുത്തിയ തുകയുടെ 54 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ജനോപകാരപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പാളിച്ചകളാണ് ഇതിനു മുഖ്യ കാരണം.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | SOO 63/16 | പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് | 1,00,000/- | New |
| 2 | SOO 65/16 | കയർ സംഘങ്ങൾക്ക് യന്ത്രവത്കൃത സഹായം | 2,00,000/- | Spill Over |
| 3 | SOO 90/16 | ഖരമാലിന്യ പരിപാടി | 20,00,000/- | Spill Over |

3. സെക്രട്ടറി നിർവഹിച്ച പദ്ധതികൾ - സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 'പൊതുശ്മശാനം സ്ഥലം വാങ്ങൽ' പദ്ധതി (SOO 22/16, 5,00,000/- രൂപ അടങ്കൽ), പഞ്ചായത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കുന്ന ഡോക്യുമെന്ററി നിർമാണത്തിനായുള്ള 'മീഡിയ ശ്രീ' പദ്ധതി (SOO 38/16, 73,034/- രൂപ അടങ്കൽ) എന്നിവ നടപ്പിലാക്കിയിട്ടില്ല. ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ അതതു സാമ്പത്തിക വർഷം തന്നെ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. II) വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കുന്നില്ല.

സെക്രട്ടറി, അസി.സെക്രട്ടറി, കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർമാർ, വി.ഇ.ഒ, വെറ്റിനറി ഡോക്ടർ തുടങ്ങിയ നിർവഹണോദ്യോഗസ്ഥർ വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലുകളിൽ സൂക്ഷിച്ചു വരുന്നില്ല. പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയുടെ ശരിയായ വിനിയോഗ വിവരം ലഭ്യമാകുന്നതിന് വിനിയോഗ സാക്ഷ്യപത്രവും പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കി തുടർ നിരീക്ഷണങ്ങൾ നടത്തുന്നതിന് മോണിറ്ററിംഗ് റിപ്പോർട്ടും അത്യന്താപേക്ഷിതമാണ്. ഇത്തരം കാര്യങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മരുന്ന് ലഭ്യമാകാൻ കാലതാമസം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ഹോമിയോ)എന്നിവർ നിർവഹിച്ച പദ്ധതികളുടെ ഭാഗമായി വാങ്ങിയ മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. ഇതുകാരണം പദ്ധതി ഫലവത്തായി നടപ്പാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്.

| പദ്ധതി നം./ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക/ ഡി.ഡി. നം, തീയതി | പരാമർശം |
|---|---|---|---|
| 1) SOO 43/16<br>മരുന്ന് വാങ്ങൽ<br>2) SOO 42/16<br>സാന്ത്വനം പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)<br>" | 300000/-<br>689125, 02.02.2016<br>1,14,400/-<br>683137, 02.02.2016 | രണ്ടു പദ്ധതികളിലുമായി 2,00,000/- രൂപയുടെ മരുന്നുകൾ (ഇൻസുലിൻ പോലുള്ള അത്യാവശ്യ മരുന്നുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് ഇനിയും ലഭ്യമായിട്ടില്ല. |
| SOO 39/16<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2,00,000/-<br>415839 & 415840,<br>29.10.15 | HOMCOയിൽ നിന്ന് 5/16 -ൽ മാത്രമാണ് മരുന്നുകൾ ലഭിച്ചത്. |

## 3-4 തെരുവുവിളക്കുകളുടെ പരിപാലനം - അപാകതകൾ

പദ്ധതിയുടെ പേര് - തെരുവുവിളക്കുകളുടെ പരിപാലനം

പദ്ധതി നം. – 20/16

അടങ്കൽ തുക – 3,00,000/-രൂപ

ചെലവ് തുക – 1,99,600/-രൂപ

2015-16 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തെരുവു വിളക്കുകളുടെ പരിപാലനം എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. തെരുവുവിളക്കുകൾ യഥാവിധി പരിപാലിക്കുന്നതിനും അറ്റകുറ്റപണികൾ സമയബന്ധിതമായി നിർവഹിക്കുന്നതിനും തെരുവുവിളക്കുകളുടെയും മറ്റു വൈദ്യുതോപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ അഴൂർ പഞ്ചായത്തിൽ അത്തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ പാലിക്കുന്നില്ല. മാത്രമല്ല, ഓരോ വാർഡിലും തെരുവുവിളക്കുകൾ സജ്ജമാക്കിയതിന്റെ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ആധികാരികമാക്കിയിട്ടുമില്ല. അതിനാൽ പഞ്ചായത്തിൽ എത്ര തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നോ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. കൂടാതെ, സ.ഉ.നം 65529/ഡി.സി.3/12 തസ്വഭവ 12.03.2013 പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ പ്രസ്തുതപദ്ധതിയുടെഫലപ്രാപ്തിഅളക്കാവുന്നതല്ല.

## 3-5 പ്രവൃത്തി നിർവ്വഹണം വൈകിക്കൽ–പിഴ ഈടാക്കിയില്ല.

1.ചരുവിള ദുർഗ്ഗാക്ഷേത്രം റോഡ് റീടാറിംഗ്

പദ്ധതി നമ്പർ - 60/16

എസ്റ്റിമേറ്റ് - 856000(MG-R)

അളവ് പുസ്തകം - 1 74/15-16

കരാറുകാരൻ - രജോധനൻ

ബിൽ നമ്പരും തീയതിയും - 42/15-16

പ്രസ്തുത പ്രവൃത്തിക്കായി പ്രജോധനൻ എന്ന കരാറുകാരനുമായി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 16.7% കുറഞ്ഞ നിരക്കിൽ 7.9.15 ന് സെലക്ഷൻ നോട്ടീസ് നൽകുകയും15.9.15-ൽ കരാർ ചമയ്ക്കുകയും ചെയ്തിരുന്നു.സെലക്ഷൻ നോട്ടീസ് പ്രകാരം പണി പൂർത്തിയാക്കേണ്ടത് 31.12.15ന് ആയിരുന്നു.നിശ്ചിത സമയപരിധിക്കകം പണി പൂർത്തിയാക്കാതിരുന്നാൽ കരാറിലെ ഖണ്ഡിക 7പ്രകാരം ആദ്യ മൂന്ന് മാസം വരേയ്ക്ക് കരാർ തുകയുടെ 1% പിഴ വ്യവസ്ഥ ചെയ്യുന്നു. പണി ആരംഭിച്ചില്ല എന്നും തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നും കാണിച്ചുകൊണ്ട് 10.11.2015 ന് കരാറുകാരന് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിരുന്നു. എന്നാൽ 23.02.16നാണ് അളവ് പുസ്തകത്തിൽ അവസാനമായി അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയിട്ടുള്ളത്. 854967/- രൂപ പ്രവൃത്തി മൂല്യത്തിൽ നിന്നും 16.7% ടെണ്ടർ കുറവ് കഴിഞ്ഞുള്ള 712188/- രൂപയിൽ നികുതികൾ ഒഴികെയുള്ള660889/-രൂപയിൽ നിന്നും പിഴ7120/- രൂപ കുറവ് ചെയ്തില്ല. ഇത് സംബന്ധിച്ച് 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും അതിൽ വീഴ്ച വരുത്തുന്ന പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതുമാണ്.

11. ശക്തിപുരം റോഡ് റീടാറിംഗ്

പദ്ധതി നമ്പർ - 66/16

എസ്റ്റിമേറ്റ് - 1038974 (MG-ROAD) 6026(തനത് ഫണ്ട്)

ആകെ - 1045000

അളവ് പുസ്തകം - 176/15-16

കരാറുകാരൻ - പ്രജോധനൻ

ബിൽ നമ്പരും തീയതിയും - 44/15-16

പ്രസ്തുത പ്രവൃത്തിക്കായി പ്രജോധനൻ എന്ന കരാറുകാരനുമായി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 16.02% കുറഞ്ഞ നിരക്കിൽ 7.9.15 ന് സെലക്ഷൻ നോട്ടീസ് നൽകുകയും15.9.15-ൽ കരാർ ഉടമ്പടി ചമയ്ക്കുകയും ചെയ്തിരുന്നു.സെലക്ഷൻ നോട്ടീസ് പ്രകാരം പണി പൂർത്തിയാക്കേണ്ടത് 31.12.15ന് ആയിരുന്നു. നിശ്ചിത സമയപരിധിക്കകം പണി പൂർത്തിയാക്കാതിരുന്നാൽ കരാറിലെ ഖണ്ഡിക 7പ്രകാരം ആദ്യ മൂന്ന് മാസം വരേയ്ക്ക് കരാർ തുകയുടെ 1% പിഴ വ്യവസ്ഥ ചെയ്യുന്നു. പണി ആരംഭിച്ചില്ല എന്നും തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നും കാണിച്ച് കൊണ്ട് 10.11.2015 ന് കരാറുകാരന് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിരുന്നു. 29.02.16നാണ് അളവ് പുസ്തകത്തിൽ അവസാനമായി അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയിട്ടുള്ളത്.

10,28,838/- രൂപ പ്രവൃത്തി മൂല്യത്തിൽ നിന്നും 16.02% ടെണ്ടർ കുറവ് കഴിഞ്ഞുള്ള 8,64,018/- രൂപയിൽ നികുതികൾ കഴിഞ്ഞുള്ള8,02,288/- രൂപയിൽ നിന്നും പിഴ തുക8,640/- ഈടാക്കിയില്ല. ഇതു സംബന്ധിച്ച് 12-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി നൽകിയില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. വീഴ്ച വരുത്തിയാൽ ഇത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## 3-6 ബിൽ അടയ്ക്കുവാനും മസ്റ്റർ റോളുകൾ കൈപ്പറ്റാനുമായി യാത്ര - ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നു - പകരം സംവിധാനം - സാധ്യത പരിശോധിക്കണം

ബി.എസ്.എൻ.എൽ ടെലിഫോൺ ബിൽ, വൈദ്യുതി ബിൽ എന്നിവ അടയ്ക്കുന്നതിനായി നിരവധി തവണ ജീവനക്കാർ ടെലിക്കോം, കെ.എസ്.ഇ.ബി. ഓഫീസുകളിൽ പോകുന്നു. ഇത് ഓഫീസ് പ്രവർത്തനത്തെ ബാധിക്കുകയും ബിൽ അടയ്ക്കാൻ വൈകുമ്പോൾ പിഴ അടയ്ക്കേണ്ടി വരികയും ചെയ്യുന്നു. മാത്രമല്ല, യാത്രപ്പടി ഇനത്തിലും നല്ല തുക പ്രതിവർഷം പഞ്ചായത്തിന് ചെലവിടേണ്ടി വരുന്നു. ബിൽ അടയ്ക്കുന്നതിനായി ഇലക്ട്രോണിക് പേമെന്റ് സംവിധാനം പ്രയോജനപ്പെടുത്തുകയാണെങ്കിൽ ജീവനക്കാരുടെ സേവനം ഓഫീസുകളിൽ പരമാവധി ലഭിക്കുകയും യാത്രപ്പടി ഇനത്തിലുള്ള ചെലവ് പരിമിതപ്പെടുത്തുകയും ചെയ്യുവാൻ കഴിയുന്നതാണ്.

MGNREGS പ്രവൃത്തികളുടെ മസ്റ്റർ റോളുകൾക്കായി ഓരോ പ്രവൃത്തികളുടെയും തലേന്ന് MGNREGS ജീവനക്കാർ അഴൂർ നിന്നും കഴക്കൂട്ടത്തുള്ള പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് പോകേണ്ടി വരുന്നു. ഇത് ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നു. ഈ യാത്രകൾക്ക് MGNREGS ഫണ്ടിൽ നിന്നും യാത്രപ്പടി നൽകുകയാണ് ചെയ്യുന്നത്. മസ്റ്റർ റോളുകൾ ബി.ഡി.ഒ. ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത് ഓൺലൈനായി പഞ്ചായത്ത് സെക്രട്ടറിക്ക് ട്രാൻസ്ഫർ ചെയ്യുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാനാകുമോ എന്ന് പരിശോധിക്കേണ്ടതാണ്. മേൽ പറഞ്ഞ വിഷയങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ വഴി സർക്കാരിൽ നിന്നും നിർദേശം സ്വീകരിക്കാവുന്നതാണ്.

## 3-7 മാർഗ്ഗരേഖ അനുവദിക്കാത്ത ഫണ്ട് വിനിയോഗം

പദ്ധതിയുടെ പേര് - കയർ മാട്സ് യൂണിറ്റിന് യന്ത്രവത്കരണ സഹായം

പദ്ധതി നമ്പർ - soo 88/16

പഞ്ചായത്ത് വിഹിതം - 2,50,000/- രൂപ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

കയർ മാട്സ് യൂണിറ്റിന് യന്ത്രവത്കരണ സഹായം എന്ന പദ്ധതിക്കായി ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ നിന്ന് 2,50,000/- രൂപ പഞ്ചായത്ത് വിഹിതമായി ചിറയിൻകീഴ് - അഞ്ചുതെങ്ങ് കയർ മാറ്റ്സ് & മാറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (ITD No. 1000) നൽകുകയുണ്ടായി. എന്നാൽ നേരിട്ടുള്ള സ്ഥല പരിശോധനയിൽ സൊസൈറ്റിക്ക് നേരത്തേയുണ്ടായിരുന്ന യന്ത്രസാമഗ്രിയുടെ റിപ്പയറിംഗിനാണ് ടി തുക ചെലവഴിച്ചതെന്ന് മനസ്സിലാക്കാൻ സാധിച്ചു. മാർഗരേഖയിൽ പറയുന്ന തരത്തിൽ ആധുനികവത്കരണത്തിനും വിപുലീകരണത്തിനും ആവശ്യമായ യന്ത്രങ്ങൾ / ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായാണ് സബ്സിഡി അനുവദിക്കേണ്ടിയിരുന്നത്. മാത്രമല്ല, സ്ഥിരമായ വിപണന കേന്ദ്രമോ ശരിയായ വിപണണന സാധ്യതകളോ ഇല്ലാത്തതിനാൽ ഉത്പ്പാദനം വളരെ കുറവാണെന്നും പദ്ധതി തികച്ചും പരാജയമാണെന്നും കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14-ന് വി.ഇ.ഒ തന്ന മറുപടിയിൽ നിന്ന് പ്രസ്തുത പദ്ധതി നടത്തിപ്പിലെ തടസ്സങ്ങളും അനൗചിത്യവും ടിയാൻ സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും തന്റെ വിയോജിപ്പ് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാകുന്നു. എന്നിട്ടും മാർഗരേഖ വിരുദ്ധമായി പദ്ധതി നിർവഹിക്കാൻ തീരുമാനിച്ച ഭരണസമിതിയുടെ നടപടി ക്രമപ്രകാരമല്ലെന്നും ഇത് തികച്ചും ഫണ്ടിന്റെ ദുർവിനിയോഗമാണെന്നും ഓഡിറ്റ് വിലയിരുത്തുന്നു. മേലിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിൽ ലഭ്യത ഉറപ്പാക്കിക്കൊണ്ട് ഗ്രാമീണമേഖലയിലെ ജനത്തിന്റെ ജീവിതനിലവാരം ഉയർത്തുവാൻ സഹായിക്കുക എന്ന മഹത്തായ ലക്ഷ്യം ഉൾക്കൊള്ളുന്ന ഒന്നാണ് 2005-ലെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. ഈ പദ്ധതി പ്രകാരം അഴൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം നടപ്പിലാക്കിയവയിൽ ഭൂരിഭാഗവും വ്യക്തിഗത – ചെറുകിട ഭൂവികസന പ്രവൃത്തികളാണ്. ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട മറ്റു പദ്ധതികൾ കൂടെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി തൻവർഷം 2696455/- രൂപ (മുന്നിരിപ്പ് ഉൾപ്പെടെ) വരവ് വരികയും 2687511 /-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ കീഴിൽ പഞ്ചായത്തിലെ 6076കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ള 3930 കുടുംബങ്ങൾക്കും തൻവർഷം തൊഴിൽ നൽകിയിട്ടുണ്ട്. ആകെ 194096 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും 47 കുടുംബങ്ങൾക്കു മാത്രമാണ് 100തൊഴിൽ ദിനം ലഭ്യമായത്. ഗ്രാമീണ മേഖലയിൽ അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളതും പ്രായപൂർത്തിയായ അംഗങ്ങൾ ഉള്ളതുമായ ഓരോ കുടുംബത്തിനും ഒരു വർഷം കുറഞ്ഞത് 100തൊഴിൽ ദിനം ഉറപ്പുവരുത്തി ആ കുടുംബങ്ങളുടെ ജീവിതസുരക്ഷിതത്വമുയർത്തുകയെന്ന ഉദ്ദേശ്യം സാക്ഷാത്കരിക്കാനായി എല്ലാ കുടുംബങ്ങൾക്കും 100തൊഴിൽ ദിനം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയൽ-ടാക്കിംഗ് ഫോറം സെക്രട്ടറി സാക്ഷ്യപ്പെടുത്തി വരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. എല്ലാ വാർഡിലും സോഷ്യൽ ഓഡിറ്റ് സമയാസമയം നടത്തി മിനിട്സ് സൂക്ഷിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി - തുടർസേവനപ്രവർത്തനങ്ങൾ ഇല്ല

ജനക്ഷേമപദ്ധതിയായ ആശ്രയ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. 2002-07 -ൽ 123 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ പദ്ധതിയുടെ തുടർസേവനപ്രവർത്തനങ്ങൾ നിലച്ച നിലയിലാണ്. 2010-11-ൽ പദ്ധതിയുടെ തുടർസേവനപ്രവർത്തനങ്ങൾക്കായി 7,43,700/-രൂപ അനുവദിച്ചതിൽ ആരോഗ്യപരിരക്ഷ യ്ക്കായി 15,000/-രൂ മാത്രമാണ് ചെലവാക്കിയിട്ടുള്ളത്. മിച്ചതുക (908433/-പലിശയുൾപ്പടെ) നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ ഉപയോഗക്ഷമമല്ലാതെ നിക്ഷേപിച്ചിരിക്കുകയാണ്. 2002-07 ലെ ബാലൻസായി 64,244/- രൂപ നീക്കിയിരിപ്പുമുണ്ട്. 2015-16 വർഷം 5,00,000/- രൂപ ടി പദ്ധതിയ്ക്കായി

വകയിരുത്തിയിരുന്നെങ്കിലും ചെലവ് നടത്തിയിട്ടില്ല. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ ആളുകളുടെ ഉന്നമനം ഉറപ്പുവരുത്തുംവിധം ആശ്രയ മാർഗ്ഗരേഖ വിഭാവനം ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| - | - | - | - | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | 273/2010 dt.27.01.10 | 17947500/- | 5757500/- | 1794750/- | | 3962750/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 497108/- |
| തൻവർഷം നിക്ഷേപിച്ച തുക | 52946/- |
| ആകെ | 550054/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 550054/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നമ്പർ |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 550054 | 020181820830001 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65805087/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54540463/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15760/- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.5 | - | 15760/- | ശ്രീമതി. ഷീല<br>അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീല<br>അസി. എഞ്ചിനീയർ | - | - |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.899/02 തീ.25.06.2014 | - |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.257/04 തീ.25.06.2014 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.703/08 തീ.25.06.2014 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.708/08 തീ.19.04.2014 | - |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.380/09 തീ.22.09.2009/09.02.2010 | - |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.381/09 തീ.05.10.2009/09.02.2010 | - |

| | | |
|---|---|---|
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.326/10 തീ.13.06.2011 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.327/10 തീ.03.12.2013 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.28.06.2012 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.25.04.2013 | - |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.2266/11 തീ.18.12.2015 | - |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.1108/13 തീ.09.06.2015 | - |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.1341/14 തീ.18.12.2015 | - |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/264/16 തീ.16.03.2016 | - |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1234/16 തീ.21.07.2016 | - |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആർ.എസ്.9.12.16

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകവും ഒഴികെ, അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപാകങ്ങൾ

1) വികസന ഫണ്ട് (ജനറൽ) - തൻവർഷ വരവ് വാർഷിക ധനകാര്യ പത്രിക പ്രകാരം 62,81,745/-രൂപയും ധനകാര്യ കമ്മീഷനു സമർപ്പിച്ച പത്രിക പ്രകാരം 95,98,051/- രൂപയുമാണ്.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.